പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – T 2909 22.02. 2016- ലെ മറുപടി

## പ്രവാസി ക്ഷേമനിധി പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) പ്രവാസി കേരള ക്ഷേമനിധിയിൽ എത്രനാൾ അംശാദായം അടയ്ക്കുന്നവർക്കാണ് പെൻഷന് യോഗ്യതയുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാത്ത കാലം മുടക്കം കൂടാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. |
| ബി)അംശാദായം അടയ്ക്കുന്നതിൽ പിഴവ് വരുത്തുന്നവർക്ക് സ്വമേധയാ അംഗത്വം നഷ്ടപ്പെടുമോ; | ബി) ഒരു വർഷമോ അതിലധികമോ അംശദായ അടവിൽ വീഴ്ച വരുത്തുന്ന അംഗങ്ങളുടെ അംഗത്വം സ്വമേധയാ റദ്ദാകുന്നതാണ്. |
| സി) അംഗത്വം നഷ്ടപ്പെടുമെങ്കിൽ, പുന:സ്ഥാപിക്കുവാൻ മാർഗ്ഗങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | സി) ഉണ്ട്. ഒരു വർഷമോ അതിലധികമോ അംശദായ അടവിൽ വീഴ്ച വരുത്തി അംഗത്വം സ്വമേധയാ റദ്ദായ അംഗങ്ങൾ 15% പിഴയും കുടിശ്ശികയായിട്ടുള്ള അംശദായത്തുകയും ചേർത്ത് അടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ